# Malayala Manorama

## 14 August 2018

## Wayanad: Flood, Flood relief, Victims



# വയനാട് കണ്ട വലിയ പ്രളയം

**ഷട്ടർ ഉയർത്തിയത് മുന്നറിയിപ്പില്ലാതെ; ജില്ലയിൽ 13,916 പേർ ദുരിതാശ്വാസ ക്യാംപുകളിൽ**

**മനോരമ ലേഖകൻ**

പടിഞ്ഞാറത്തറ (വയനാട്) ● മഴ കനത്ത നാശം വിതച്ച വയനാട്ടിൽ ദുരന്തനിവാരണ സേനയുടെയും സൈന്യത്തിന്റെയും നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനം തുടരുന്നു.

വയനാട്ടിൽ വെള്ളപ്പൊക്കത്തെ തുടർന്ന് ഒറ്റപ്പെട്ടുപോയ വയോധികനെ പുറത്തെത്തിക്കുന്ന നാവികസേനാംഗം.

ബാണാസുര സാഗർ അണക്കെട്ടിന്റെ ഷട്ടറുകൾ ഉയർത്തിയതോടെ ഒട്ടേറെ സ്ഥലങ്ങളിൽ കനത്ത നാശനഷ്ടമുണ്ട്. വെള്ളത്തിനടിയിലായ താഴ്ന്ന പ്രദേശങ്ങളിലേക്ക്, അണക്കെട്ടിൽനിന്നു തുറന്നുവിട്ട വെള്ളം കൂടിയെത്തിയതാണു ദുരിതമായത്.

ഷട്ടർ ഉയർത്തുന്ന വിവരം നേരത്തെ അറിയിച്ചിരുന്നെങ്കിലും പിന്നീട് ഉയരം വർധിപ്പിച്ചപ്പോൾ അധികൃതർ മുന്നറിയിപ്പു നൽകിയില്ലെന്നാണു പരാതി.

അതിശക്തമായ മഴ തുടർന്നതോടെ പലഘട്ടങ്ങളിലായി 290 സെന്റീമീറ്റർ വരെ ഷട്ടറുകൾ ഉയർത്തി. പടിഞ്ഞാറത്തറ, കോട്ടത്തറ, വെള്ളമുണ്ട, പനമരം, തരിയോട് പഞ്ചായത്തുകളിലെ നൂറുകണക്കിനു വീടുകളും കൃഷിയിടങ്ങളും വെള്ളത്തിനടിയിലായതോടെ പ്രദേശങ്ങളിൽ ലക്ഷങ്ങളുടെ നഷ്ടമാണു കണക്കാക്കുന്നത്. ജില്ലയിൽ 126 ക്യാംപുകളിലായി 3768 കുടുംബങ്ങളിലെ 13,916 പേർ കഴിയുന്നു.

കനത്ത മഴയിൽ തകർന്ന റോഡുകളും പ്രധാന പാതകളിലെ വെള്ളക്കെട്ടും ഗതാഗതം ദുസ്സഹമാക്കുന്നു.

പനമരം പുഴക്കരയിലെ കൃഷി അസിസ്റ്റന്റ് ഡയറകടർ, ഐസിഡിഎസ് ഓഫിസുകളിൽ വെള്ളം കയറി ഫയലുകളും കംപ്യൂട്ടറും പൂർണമായി നശിച്ചു. മൂന്ന് ഡെസ്ക്ടോപ് കംപ്യൂട്ടറും ഒൻപതു ലാപ്ടോപ്പുകളും ആറ് ക്യാമറകളും വെള്ളം കയറി നശിച്ചു. രണ്ട് ഓഫിസുകളിലായി 20 ലക്ഷം രൂപയുടെ നാശനഷ്ടമാണുണ്ടായത്.